പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4728 18.12.2014-ലെ മറുപടിക്ക്

## കർഷകരിൽ നിന്നും ഭൂനികുതി സ്വീകരിക്കൽ

**ചോദ്യം**
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൂരാച്ചുണ്ട്, ചക്കിട്ടപാറ, കാന്തലാട്ട് വില്ലേജുകളിലെ കർഷകരിൽ നിന്നും ഭൂനികുതി ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | വനം വകുപ്പിന്റെ എതിർപ്പ് കാരണം കൂരാച്ചുണ്ട്, കാന്തലാട്ട് എന്നീ വില്ലേജുകളിൽ ഭൂനികുതി ഈടാക്കുന്നില്ല. ചക്കിട്ടപാറ വില്ലേജിൽ ഇത്തരത്തിലുള്ള ഭൂനികുതി പ്രശ്നം നിലവിലില്ല. |
| (ബി) | ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പ്രസ്തുത വില്ലേജുകളിലെ കർഷകരിൽ നിന്നും നികുതി സ്വീകരിക്കാം എന്ന തീരുമാനമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ ; | (ബി) | ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പ്രസ്തുത വില്ലേജുകളിലെ കൈവശക്കാരിൽ കരം സ്വീകരിച്ച 62 പേരുടെ കൈവശമിരിക്കുന്ന 94 ഹെക്ടർ ഭൂമിയിൽ വനം വകുപ്പിന്റെ ഭൂമി ഉണ്ട് എന്ന വനം വകുപ്പിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ സംയുക്ത സർവ്വെ നടത്തുന്നതിനും വ്യക്തമായ രേഖകൾ ഉള്ളതും ഫീൽഡിൽ ഉള്ളതുമായ ഭൂമി സംബന്ധിച്ച് വിലയിരുത്തി തീരുമാനത്തിൽ എത്തേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. സർവ്വെ നടപടികൾ പുരോഗമിക്കുന്നതിനാൽ ഇത് സംബന്ധിച്ച ഉത്തരവുകൾ ഒന്നും തന്നെ ഇറങ്ങിയിട്ടില്ല. |
| (സി) | ഈ തീരുമാനം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ; | (സി) | ഇല്ല. |
| (ഡി) | മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റവന്യൂ/വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി സർവ്വെ ജോലികൾ പുരോഗമിക്കുന്നുണ്ട്. പ്രസ്തുത ജോലികൾ 2015 ഫെബ്രുവരി 5 നകം തീർക്കണമെന്ന തീരുമാനത്തിൽ എത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.